**ശ്രദ്ധ ക്ഷണിക്കൽ**

1. പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. റോഡ് ഡിസൈനിലെ അപാകത

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അടിയന്തര ശ്രദ്ധക്ഷണിക്കുകയാണ് . കേരളത്തിലെ പുനലൂർ-മൂവാറ്റുപുഴ അടക്കമുള്ള കെ.എസ്.ടി.പി. റോഡുകളുടെ നിർമ്മാണത്തിൽ മനുഷ്യാവകാശലംഘനം നടക്കുന്ന കാഴ്ചയാണ് കാണുന്നത്. റോഡ് നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിൽ പ്ലാൻ വരച്ചതിലോ, പദ്ധതി നടപ്പിലാക്കുന്നതിലോ പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥർക്ക് യാതൊരു പങ്കുമില്ലാത്ത അവസ്ഥയാണ്. ആരാണ്, എപ്പോഴാണ് ഇതിന്റെ പ്ലാൻ വരച്ചതെന്ന് ആർക്കുമറിയില്ല. പത്തനാപുരം- പുനലൂർ മുതൽ പത്തനാപുരം-കോന്നിവരെയുള്ള ഭാഗത്ത് നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. റോഡ് നിർമ്മാണം തീരുന്നതിനനുസരിച്ച് ഓടകൾ നിർമ്മിക്കേണ്ടിടത്ത് അവ നിർമ്മിച്ചിട്ടില്ല. പല വീടുകളും വലിയ കുഴികളിലേയ്ക്കായിക്കഴിഞ്ഞു. വാഹനമുള്ള ആളുകൾ.., കാർ ഉള്ള ആളുകളോട് നിങ്ങൾ പണിക്കുവേണ്ടി വാഹനം ഒന്ന് പുറത്തിട്ടുതരണമന്ന് പറഞ്ഞിട്ട് പത്ത് മാസമായിട്ടും വാഹനം അകത്ത്

കയറ്റാൻ സാധിച്ചിട്ടില്ല. വാഹനം അകത്തുകയറ്റാനുള്ള ഗെയ്റ്റ് അടക്കം കെട്ടിയടച്ചുകഴിഞ്ഞു. ഇത് മനുഷ്യാവകാശലംഘനമാണ്. പലർക്കും വീട്ടിലേയ്ക്കുപോകുവാൻ നിവൃത്തിയില്ല. എന്റെ നിയോജകമണ്ഡലത്തിലെ മൂന്ന് സ്ത്രീകൾ മാത്രം താമസ്സിക്കുന്ന വീട് ഗെയിറ്റ് കെട്ടിയടച്ചതുകാരണം കുഴിയിലേയ്ക്കുമാറി. വീട്ടിലേയ്ക്കിറങ്ങാൻ പടികെട്ടിക്കൊടുക്കണമെന്ന് അവർ പരാതി പറഞ്ഞപ്പോൾ ഞാൻ ഇടപെടുകയുണ്ടായി. അവസാനം അവർക്ക് പാറകെട്ടിയതിന്റെ സൈഡിൽ കല്ലുപാകിക്കൊടുത്തു. അവരതിൽ കമ്പിവച്ച് ഏണിപോലൊരു സാധനമുണ്ടാക്കി അതിലൂടെയാണ് പോകുന്നത്. ഈ വർത്ത വന്നതിനുശേഷം, ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്ന് അറിഞ്ഞതിനുശേഷം ഒരു അലൂമിനിയം ഏണികൊണ്ട് അവിടെ ചാരിവച്ചുകൊടുത്തു. എഞ്ചിനീയർമാർക്ക് യാതൊരു പങ്കുമില്ല. അവരല്ല ഈ ഡിസൈൻ വരച്ചത്. കെ.എസ്.ടി.പി. റോഡുകളുടെ നിർമ്മാണത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രദ്ധിച്ചുകാണും ഇതിന്റെയെല്ലാം ഡിസൈൻ മറ്റാരോ ഈ ലോകത്തിന്റെ എവിടയോ ഇരുന്നുവരയ്ക്കുകയാണ് എന്ന്. വിദേശബാങ്കിന്റെ സഹായത്തോടെ നമ്മൾ നിർമ്മിക്കുന്നതിന്റെ പേരിൽ പ്രാദേശികമായ വിഷയങ്ങൾ

ചർച്ചചെയ്യാതെയും മനസ്സിലാക്കാതെയും ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കാതെയുമാണ് പല റോഡുകളും നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. അവിടെ സംഭവിച്ചത് എന്താണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അങ്ങ് ആ വഴിയാത്ര ചെയ്യുന്ന ആളാണ്. അവിടെ കലുങ്കുകൾ പലതും നിർമ്മിച്ചിട്ടുണ്ട്. മൂന്ന് കലുങ്കുകൾ മണ്ണിനടിയിലാണ്, വെള്ളത്തിനടിയിലാണ്.  വെള്ളം വരാനോ പുറത്തേയ്ക്ക് വെള്ളം ഒഴുക്കിവിടാനോ കഴിയാത്ത നിലയിലാണ് ഈ മൂന്ന് കലുങ്കുകൾ നിർമ്മിച്ചിട്ടുള്ളത്. അവർ പറയുന്നത് ഡിസൈനിൽ ഈ കലുങ്കുണ്ടെന്നാണ് . അവിടെ അങ്ങനെയൊരു കലുങ്കുണ്ടായിരുന്നില്ല. അത് ഏതോ സാറ്റലൈറ്റ് വഴി ഡിസൈൻ ചെയ്തതാണെന്നുതോന്നുന്നു. ഡിസൈനിൽ ഈ കലുങ്കുണ്ടെന്ന് പറഞ്ഞ് മൂന്ന് കലുങ്കുകൾ നിർമ്മിച്ചിരിക്കുകയാണ്. ഈ മൂന്ന് കലുങ്കിലൂടെയും വെള്ളം വരികയുമില്ല, പോകുകയുമില്ല, ഭൂമിക്കടിയിൽ ഒളിച്ചുവച്ചിരിക്കുകയാണ്. കടകളുടെയെല്ലാം ഫ്രണ്ടിലെ ഓടകൾ വല്ലാതെ ഉയർത്തി നിർമ്മിച്ചതുകാരണം കടകൾക്കുള്ളിലേയ്ക്ക് ആളുകൾക്ക് ഇറങ്ങാൻ സാധിക്കുന്നില്ല. റോഡ് വളരെ താഴ്ന്നാണ്. ഓടകൾ വലിയ ഉയരത്തിൽ നിർമ്മിക്കുകയാണ്. ഈ ഓടകളിലേയ്ക്ക് വെള്ളം പോകുമോയെന്നത്

ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഇത്ര മീറ്റർ ഓടകൾ നിർമ്മിച്ചുപോകുകയെന്നല്ലാതെ അതിലൂടെ വെള്ളം പോകുമെന്ന് അവർക്ക് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. മാത്രമല്ല പല സ്ഥലത്തും വഴികൾ സൈഡ് റോഡുകൾ, ഗ്രാമീണ റോഡുകൾ അതിലേയ്ക്കിറങ്ങാനുള്ള വഴികളും ഇവർ അടച്ചുകെട്ടിയിരിക്കുകയാണ്. ഉയർത്തേണ്ട ഭാഗങ്ങൾ ഇവർ ഉയർത്തുന്നില്ല. മണ്ണിട്ട് ഉയർത്തി ചെയ്യേണ്ട സ്ഥലങ്ങളിൽ ചെയ്തില്ലെങ്കിൽ ഊറ്റുവെള്ളം വരും. പ്രത്യേകിച്ച് ഗവൺമെന്റിന്റെ പോളിസിയായ മലയോര ഹൈവേയുടെ ഭാഗമാണ് പുനലൂർ-മൂവാറ്റുപുഴ കെ.എസ്.ടി.പി. റോഡ്. അതിന്റെ ഒരു ഭാഗം മലയാണ്. മലയിൽനിന്ന് എപ്പോഴും ഊറ്റുണ്ടാകും. മിക്കവാറും എല്ലാ സീസണിലും ഊറ്റുണ്ടാകും. ഒരു ചെറിയ മഴ പെയ്താൽ വെള്ളം പോകാനുള്ള സംവിധാനങ്ങളില്ല. ചില പ്രദേശങ്ങൾ താണുകിടക്കുകയാണ്. വയലുകൾ പലതും നികന്നിരിക്കുന്നു. ഏകദേശം പുനലൂർ മുതൽ പത്തനാപുരം വരെ ഏതാണ്ട് ഒരു വശം മുഴുവൻ വയലായിരുന്നു. ഇന്ന് അതിൽ ഒരെണ്ണം പോലും വയലായിട്ടില്ല. എല്ലാം നികന്നുകഴിഞ്ഞു. അപ്പോൾ വെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനങ്ങളില്ല. റോഡിലാണ് വെള്ളം കെട്ടി നിൽക്കുന്നത്. അങ്ങനെ റോഡ് നിരന്തരമായി പൊളിയുകയാണ്. 18

വർഷംമുമ്പ് 1999-ൽ സ്ഥലമെടുത്തതാണ്. ഏതാണ്ട് 20 വർഷത്തിൽ അധികമായി മുടങ്ങിക്കിടന്ന ഈ പദ്ധതി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഒന്നാം സർക്കാരിന്റെ കാലത്ത് അന്നത്തെ മന്ത്രി മുൻകയ്യെടുത്ത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് വേൾഡ് ബാങ്കുമായി ചർച്ച ചെയ്ത് വീണ്ടും ഇത് പുനഃരാരംഭിക്കുകയാണുണ്ടായത്. നഷ്ടപ്പെട്ടുപോയൊരു പദ്ധതിയെ നമ്മൾ കൊണ്ടുവന്നു. പക്ഷെ എല്ലാവരെയും അത്ഭുതപ്പെടുത്തുന്നത് പി.ഡബ്ല്യൂ.ഡി.-യുടെ ഒരു എൻജിനീയറും ഇതിന്റെ പ്ലാൻ വരയ്ക്കുന്നവരെ കണ്ടിട്ടില്ല. ഈ റോഡ് സർവ്വേ ചെയ്യാൻവന്നവരെ ആരും കണ്ടിട്ടില്ല, നാട്ടുകാരാരും കണ്ടിട്ടില്ല. മുൻപഞ്ചായത്ത് മെമ്പർമാരോ പഞ്ചയത്ത് പ്രസിഡന്റുമാരോ,എം.എൽ.എ.യായാ (കഴിഞ്ഞ 20 വർഷമായി ഞാനാണ് എം.എൽ.എ.) ഞാനോ ഡിസൈൻ വരയ്ക്കാൻ വന്നവരെ കണ്ടിട്ടില്ല. ഒടുവിൽ കോൺട്രാക്ടറെ തീരുമാനിച്ചശേഷം കോൺട്രാക്ടറും എജിനിയർമാരും ഒരുമിച്ചുവന്നു. അപ്പോൾ ഞാനും പോയി പറഞ്ഞു ഇന്നയിന്ന പണികൾ ചെയ്യണം, ആളുകൾക്ക് ഇന്ന ബുദ്ധിമുട്ടുണ്ട് എന്ന്. അന്ന് എല്ലാം സമ്മതിച്ചുവെങ്കിലും ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ജനങ്ങളാകെ ആശങ്കയിലാണ്. വലിയ മനുഷ്യാവകാശലംഘനമാണ്. വലിയ ഒരു

ക്രമക്കേട് നടക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരികയാണ്. അടിയന്തരമായി ഈ വിഷയത്തിലിടപെട്ട് ഈ പ്രശ്നം അങ്ങ് പരിഹരിച്ചുതരണം. ഇതിലല്ലെങ്കിൽ വലിയ ബുദ്ധിമുട്ടുകളും ചീത്തപ്പേരും ഈ നാടിനുണ്ടാകും. 280 കോടി രൂപയുടെ പദ്ധതിയാണ്. ഉയർത്തേണ്ടിടത്ത് മണ്ണിട്ട് ഉയർത്താതെ നിർമ്മിച്ചാൽ ആറുമാസത്തിനുള്ളിൽ റോഡ് പൊളിയും. ഊറ്റുള്ള സ്ഥലങ്ങളാണ്. അത് പറയുമ്പോൾ പറയുന്നത് ഞങ്ങളുടെ വർക്കിലിതില്ലെന്നാണ്, ഞങ്ങൾ ചെയ്യുകയില്ലയെന്നാണത്. എൻജിനിയർമാർ പറയുന്നത് ഞങ്ങൾക്ക് ഒരു രക്ഷയുമില്ല. ഞങ്ങൾ പറഞ്ഞാൽ കോൺട്രാക്ടർ കേൾക്കില്ല എന്നാണ്. ഇത് വളരെ അപകടകരമായ കാര്യമാണ്, മനുഷ്യാവകാശലംഘനം ഉണ്ട്, വലിയ ഒരു ദൂർത്തുണ്ട്. ഒരു കലുങ്ക് നിർമ്മിക്കാൻ എത്രലക്ഷം രൂപ വേണം. മൂന്ന് കലുങ്കുകൾ വെറുതെ നിർമ്മിച്ച് മണ്ണിനടിയിലാണെങ്കിലും കാണാൻ നേരിട്ട് സാധിക്കും, വെള്ളം ഒഴുകുന്നതല്ല. ഓടവേണ്ട സ്ഥലങ്ങളിൽ അതില്ല. ഇതൊന്ന് പരിശോധിക്കാനും അതിന് അടിയന്തരമായി നടപടിയെടുക്കുന്നതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി ബഹുമാനപ്പെട്ട കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച വിഷയം കേരള സംസ്ഥാന ഗതാഗത പദ്ധതിയിലുൾപ്പെടുത്തി ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതിയാണ്. ആ പദ്ധതി പുനലൂർ-പൊൻകുന്നം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനമാണ്. ഈ പദ്ധതിയുടെ വിശദമായ ഡി.പി.ആർ. (പദ്ധതി റിപ്പോർട്ട്) തയ്യാറാക്കിയിരിക്കുന്നത് എൽ.എൻ.സി. എന്നൊരു ഏജൻസിയാണ്. എഞ്ചിനീയറിംഗ് & പ്രൊക്വയർമെന്റ് കൺസ്ട്രക്ഷനാണ് (EPC). സാധാരണ പൊതുമരാമത്ത് വകുപ്പിന്റെ മറ്റ് പ്രവൃത്തികൾ വകുപ്പുതന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി, വകുപ്പുതന്നെ ഡിസൈൻ എന്നിവ ഉണ്ടാക്കി അപ്രകാരം ടെണ്ടർ പ്രോസീഡ്വർ നടത്തുകയാണ് ചെയ്യുന്നത്. എന്നാൽ EPC മോഡിൽ അങ്ങനെയല്ല. EPC മോഡിൽ വകുപ്പ് അന്തിമമായ ലക്ഷ്യം എന്തെന്നുള്ളത് പറഞ്ഞുകൊണ്ട് ടെണ്ടർ ക്ഷിണിക്കുകയാണ്. അതിനായി ഓരോ കരാറുകമ്പനിയും അവരുടേതായ ഡിസൈൻ പ്രകാരം ടെണ്ടർ സമർപ്പിച്ച് അതിനാവശ്യമായ തുക ക്വാട്ടുചെയ്യുകയാണ് ചെയ്യുന്നത്. ഇതാണ് രണ്ടും

തമ്മിലുള്ള വ്യത്യാസം. EPC മോഡും നമ്മൾ മഹാഭൂരിപക്ഷവും ചെയ്യുന്ന നമ്മുടെ രീതിയും തമ്മിലുള്ള ഒരു വ്യത്യാസം അതാണ്. ഇങ്ങനെയുള്ള EPC മോഡിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്യു കരാറുകാരെ നിശ്ചയിക്കുകയാണ് പതിവ്. EPC മോഡ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കലും അതിൽ ഡിസൈൻ തയ്യാറാക്കലുമൊക്കെ പൊതുമരാമത്ത് വകുപ്പല്ല ചെയ്യുന്നത്. പുനലൂർ മുതൽ കോന്നിവരെയുള്ള റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കരാറിലുൾക്കൊള്ളിച്ചിരിക്കുന്ന ഡി.പി.ആർ. പ്രകാരം EPC മോഡിൽ നിർമ്മിക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ളത് M/S. Rds-Cvcc (Jv)ആണ്. M/s. Consulting Engineers Group Limited എന്ന സ്ഥാപനത്തെയാണ് ഈ പദ്ധതിയുടെ നിർമ്മാണ മേൽനോട്ടത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. കരാറുകാരൻ തയ്യാറാക്കുന്ന ഡിസൈൻ കൺസൽട്ടിംഗ് എഞ്ചിനീയർമാർ അംഗീകരിച്ചാണ് പ്രവൃത്തി നടപ്പിലാക്കുക. ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ ചില പരാതികൾ ഉയർന്നുവന്നതിനെത്തുടർന്ന് പരിശോധന നടത്താൻ പറഞ്ഞിരുന്നു. അതിന്റെ ബാക്കി കാര്യങ്ങളിൽ ഇടപെടാം. പുനലൂർ, പത്തനാപുരം,

കോന്നി, റാന്നി എന്നീ നിയോജകമണ്ഡലങ്ങളിലൂടെയാണ് ഈ റോഡ് കടന്നുപോകുന്നത്. പ്രസ്തുത മണ്ഡലങ്ങളിലെ എം.എൽ.എ.-മാരും ഇതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പുനലൂർ എം.എൽ.എ. ശ്രീ. പി. എസ്. സുപാൽ ഇതുമായി ബന്ധപ്പെട്ട് ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ ഇടപെടുകയും തൊട്ടടുത്ത ദിവസംതന്നെ അതിന് അടിയന്തര പരിഹാരം കാണുന്ന നിലയുണ്ടാവുകയും ചെയ്തു. അദ്ദേഹം ഈ സഭയിലുണ്ട്. കോന്നി എം.എൽ.എ. ശ്രീ. കെ. യു. ജനീഷ് കുമാർ ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ അവിടം സന്ദർശിക്കുകയും ചില കാര്യങ്ങൾ പരിഹരിച്ചുപോകുന്ന സ്ഥിതിയുമാണുണ്ടായിട്ടുള്ളത്. റാന്നി എം.എൽ.എ. ശ്രീ. പ്രമോദ് നാരായൺ ഇതുമായി ബന്ധപ്പെട്ട് ചില വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ഞാൻ എം.എൽ.എ.-യ്ക്കൊപ്പം ആ സ്ഥലത്ത് പോകുകയും ചെയ്തിരുന്നു. അവിടെ വലിയതോടിന്റെ ആഴവും വീതിയും വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നായിരുന്നു എം.എൽ.എ.-യുടെ ആവശ്യം. അത് വളരെ ജനകീയമായ ആവശ്യമായിരുന്നു. അതിന് ശക്തമായ നിർദ്ദേശം നൽകുകയും അതിന്റെ ഭാഗമായി ജനങ്ങളും അവിടത്തെ ജനപ്രതിനിധിയുമൊക്കെ

ആഗ്രഹിച്ചതുപോലെ അതിന്റെ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് റാന്നി മണ്ഡലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചതുപ്രകാരം അദാലത്തുകൾ സംഘടിപ്പിക്കുകയും തുടർന്ന് പഞ്ചായത്തുതല അദാലത്തുകളും നടത്തിയിട്ടുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ട് അവിടെയും വിവിധ പരാതികൾ വന്നിരുന്നു. പ്രസ്തുത പരാതികളിന്മേൽ അന്വേഷണവും പ്രത്യേക സംവിധാനവും ഒരുക്കിയ കാര്യവും ഇതിനോട് ചേർത്തുപറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. റോഡിൽ വെള്ളം കയറാനുള്ള സാധ്യത കണക്കിലെടുത്ത് ചില ഭാഗങ്ങളിൽ ഡി.പി.ആർ.-ൽ നിഷ്കർച്ചിരിക്കുന്ന എഫ്.ആർ.എൽ. (ഫിനിഷ്ഡ് റോഡ് ലെവൽ) ഉയർത്തി റോഡ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഡി.പി.ആർ.-ൽ പൊതുവെ കൊടുക്കുന്നതാണ് എഫ്.ആർ.എൽ. ചില സ്ഥലങ്ങളിൽ റോഡ് ഉയരത്തിലായിരിക്കും. അവിടെ ഉയരം കുറയ്ക്കേണ്ടിവരും. ചില സ്ഥലത്ത് റോഡ് താഴ്ചയിലായിരിക്കും. അവിടെ പ്രത്യേകം മണ്ണിട്ട് ലെവലാക്കണം. അങ്ങനെ ലെവൽ ചെയ്യുന്നത് ഡി.പി.ആർ.-ലെ ഫിനിഷ്ഡ് റോഡ് ലെവൽ ആണ്. ഡി.പി.ആർ.-ൽ

പറയുന്ന ആ ഫിനിഷ്ഡ് റോഡ് ലെവലിലും മാറ്റം വരുത്തേണ്ടിവന്നു. ഫിനിഷ്ഡ് റോഡ് ലെവൽ സാധാരണ ഡി.പി.ആർ.-ൽ വരുന്നതാണെങ്കിലും അതിലും ഉയർത്തി റോഡ് നിർമ്മിക്കേണ്ട സ്ഥിതി ഇവിടെയുണ്ട്. ഡി.പി.ആർ.-ൽ നിർദ്ദേശിച്ചിരിക്കുന്ന ചെയിനേജുകളിലെ സംരക്ഷണ ഭിത്തികളുടെ ഉയരം നിലവിലെ സൈറ്റ് കണ്ടീഷനുമായി താരതമ്യം ചെയ്യുമ്പോൾ പര്യാപ്തമല്ലെന്ന് കാണുന്നു. കൂടാതെ, നിലവിലെ സ്ഥിതിയനുസരിച്ച് അത്യാവശ്യമായി ചെയിനേജുകളിൽ സംരക്ഷണ ഭിത്തിയുടെയും ഓടകളുടെയും നിർമ്മാണം ഉൾക്കൊള്ളിച്ചിട്ടില്ല. അത് വളരെ ഗൗരവത്തിൽത്തന്നെ അവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലത്തെ റോഡിന്റെ വീതികൂട്ടുകയും അതോടൊപ്പം ഉയർത്തുകയും ചെയ്യുമ്പോൾ പദ്ധതി ബാധ്യതരായ പരിസരവാസികളുടെ വീടുകളിലേയ്ക്കുള്ള വഴികളുടെ നിർമ്മാണവും കലുങ്കുകളിൽനിന്നുള്ള വെള്ളം ഒഴുക്ക് സുഗമമാക്കുന്നതിനായി ആഴം കൂടിയ ലീഡിംഗ് ചാനലുകളുടെ നിർമ്മാണവും പ്രവൃത്തിയിലുൾപ്പെടുത്തേണ്ടതുണ്ട്. അക്കാര്യം അവരെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ കരാർ ഇ.പി.സി. മുഖാന്തരമായതിനാൽ കോൺട്രാക്ടറുടെ സൈറ്റ് കണ്ടീഷൻ അനുസരിച്ച് ആവശ്യമായ സ്ട്രക്ചറുകളും ഡിസൈൻ

ചെയ്ത് മേൽനോട്ട ഏജൻസിയുടെ അംഗീകാരം ലഭ്യമാക്കി പ്രവൃത്തി നടപ്പിലാക്കേണ്ടതാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ കോൺട്രാക്ടർമാർക്കും കൺസൾട്ടന്റിനും അതത് സമയത്ത് നൽകിവരുന്നുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ മേൽനോട്ട ഏജൻസിയും കരാറുകാരും വീഴ്ചവരുത്തുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് വളരെ ഗൗരവത്തിലെടുക്കും. ഇക്കാര്യത്തിൽ പ്രശ്നങ്ങൾ പരിഹരിച്ച് നടപ്പിലാക്കുന്നതിനുവേണ്ട കർശന നിർദ്ദേശങ്ങൾ മേൽനോട്ട ഏജൻസിക്കും കരാറുകാർക്കും വീണ്ടും നൽകിയിട്ടുണ്ട്. ഇവ നടപ്പാക്കുന്നുണ്ടെന്ന് നിരീക്ഷിക്കാൻ കെ.എസ്.ടിപി.-ക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഈ പ്രത്യേക സൈറ്റ് നേരിൽ കാണാനും ഇവിടെ സൂചിപ്പിച്ച മണ്ഡലങ്ങളിലെ എല്ലാ വിഷയങ്ങളും പരിശോധിക്കാനും ഒരു യോഗം വിളിച്ചുചേർക്കാമെന്ന് സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, അങ്ങ് പറഞ്ഞതുപോലെ, ഇ.പി.സി. മോഡലിൽ പ്ലാൻ വരയ്ക്കുമ്പോൾ കമ്പനിക്കാരോ കൺസൾട്ടന്റോ മേൽനോട്ട കമ്പനിയോ അവിടെ വന്നിട്ടില്ല. ഇപ്പോഴത്തെ പ്രശ്നം, കോൺട്രാക്ടറെക്കാൾ അപകടം ഈ മേൽനോട്ട കമ്പനിയാണ്. റോഡ്

ഉയർത്തണമെന്ന് പറയുമ്പോൾ  അവർ അനുവാദം തരാത്തതുകൊണ്ട് ഞങ്ങൾ റോഡ് ഉയർത്തില്ലെന്നാണ് കോൺട്രാക്ടർ പറയുന്നത്. ജനങ്ങൾക്ക് അവരുടെ വീടുകളിലേയ്ക്കിറങ്ങാൻ വഴിവേണമെന്ന് വളരെ പ്രകോപനത്തോടെയാണ് പറയുന്നത്. ഇങ്ങനെ സർക്കാരിന്റെ പ്രതിച്ഛായയ്ക്കുപോലും മോശമുണ്ടാകുന്ന തരത്തിൽ ജനങ്ങളോട് വളരെ മോശമായി കൈകാര്യം ചെയ്യുന്ന രീതിയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, അവിടെ ബോർഡ് വച്ചിട്ടുണ്ട്. പരാതി കൊടുക്കാനുള്ള അവരുടെ നമ്പരുമുണ്ട്. പഞ്ചായത്ത് പ്രസിഡന്റും എം.എൽ.എ.-യും ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.  ഇതെല്ലാം കൂടിക്കഴിയുമ്പോൾ എല്ലാം ശരിയെന്നുപറഞ്ഞ് അവർ അവിടെനിന്നും ഇറങ്ങിപ്പോകും. ഞങ്ങൾ പിരിഞ്ഞുകഴിയുമ്പോൾ  അവർ പഴയതുപോലെതന്നെ ചെയ്യും. ഇങ്ങനെ പല പ്രാവശ്യമായി. കോൺട്രാക്ടർ പ്ലാൻ വരിച്ചിട്ടാണോ വരുന്നതെന്ന് അറിയില്ല. ഈ കോൺട്രാക്ടർ വന്നതിനുശേഷം  ഞാൻ ആ റോഡിലൂടെ 12 കിലോമീറ്റർ  അവരോടൊപ്പം നടന്ന് ഓരോ കലുങ്കും ഓരോ ഓടയും കാണിച്ചുകൊടുത്തു.  ഇപ്പോൾ ഡിസൈനിലില്ല, സർക്കാർ അനുവാദം തരുന്നില്ല എന്നൊക്കെ ആളുകളുടെ മുമ്പിൽവച്ച് പറയുകയാണ്.  അതുകൊണ്ട്

തിരക്കുള്ള പരിപാടികൾക്കിടയിലും മന്ത്രി അവരെക്കൂടി വിളിച്ച് ആ സൈറ്റ് സന്ദർശിക്കുന്നതിന് ഒരു മണിക്കൂർ ചെലവഴിക്കണം. താഴ്ന്നുകിടക്കുന്ന ഭാഗങ്ങൾ ഉയർത്താനും കലുങ്കുകളിൽക്കൂടി വെള്ളം ഒഴുക്കിവിടാനും കർശന നടപടി സ്വീകരിക്കണം. ലീഡിംഗ് ചാനൽ എന്നൊക്കെ അവർ പറയുന്നത് ചെറിയ കാര്യമല്ല. ഒന്നര കിലോമീറ്ററോളം ദൂരമുണ്ട്. അവർ മന്ത്രിയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി അവിടം സന്ദർശിക്കാൻ ഒരു തീയതി നിശ്ചയിക്കുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ലോകബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. പൊതുവെ സംസ്ഥാനത്തെ റോഡുകളുടെ സ്ഥിതി പരിശോധിച്ചാൽ ഗ്രൗണ്ട് ലെവൽ വരേണ്ടത് അനിവാര്യമാണ്. യഥാർത്ഥത്തിൽ റോഡുകൾ നിർമ്മിക്കുമ്പോൾ നല്ല നിലയിൽ ഉയർത്തി നിർമ്മിക്കേണ്ടതാണ്. അങ്ങനെ നിർമ്മിച്ചാൽ കുറേ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ദൗർഭാഗ്യവശാൽ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും മറ്റ് പ്രത്യേകതകളും കാരണം അങ്ങനെ നിർമ്മിച്ചാൽ അത് മറ്റ് ചില പ്രശ്നങ്ങളിലേയ്ക്ക് പോകും. വീടുകളിൽ വെള്ളം കയറുകയും മറ്റും ചെയ്യും. സംസ്ഥാനത്തെ റോഡുകളിൽ ശരിയായ

ഡ്രെയിനേജ് സംവിധാനമില്ലാത്ത പ്രശ്നമുണ്ട്. ഒരു ഏകോപനത്തോടുകൂടി അത് നടപ്പാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി കേരളത്തിൽ വർഷത്തിൽ 7 മാസത്തോളം മഴയാണ്. ഈ മഴയത്ത് റോഡുകളൊക്കെ നനഞ്ഞ് കുതിർന്നുവരുന്ന സ്ഥിതിയാണ്. ഇതിന്റെ ഭാഗമായി പുതിയ രീതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകാനുള്ള ശ്രമമാണ് പൊതുവെ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ റോഡുകൾക്ക് താങ്ങാവുന്നതിനുമപ്പുറം കനമുള്ള വാഹനങ്ങളുണ്ട്. ഇതൊന്നും പരിശോധിക്കാതെയാണ് പൊതുവെ പോകാറുള്ളത്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നുള്ള നിലയിലാണ് ഇത്തരം പദ്ധതികൾ അവർ മുന്നോട്ടുവയ്ക്കുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽ മുമ്പും ഞാൻ പോയിട്ടുണ്ട്. ഇനിയും പോകുന്നതിൽ ഒരു വിരോധവുമില്ല. നേരിട്ട് വന്നുകണ്ട് ഇക്കാര്യത്തിലിടപെടാം. അതോടൊപ്പം ഈ റോഡിന്റെ മറ്റ് മണ്ഡലങ്ങളിലുള്ളവരെയും ചേർത്തുകൊണ്ട് ഇനിയും എന്തെങ്കിലും പ്രശ്നമുണ്ടോയെന്ന് മനസ്സിലാക്കുന്നതിന് അടിയന്തരമായി അവിടെത്തന്നെ ഒരു യോഗം വിളിക്കാവുന്നതാണ്.

## 2. മനുഷ്യക്കടത്ത് തടയേണ്ടതിന്റെയും വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ പ്രവർത്തനം അവസാനിപ്പിക്കേണ്ടതിന്റെയും ആവശ്യകത

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഇന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും പോലീസിന്റെയുമൊക്കെ മുന്നറിയിപ്പുകളുണ്ടെങ്കിലും പലപ്പോഴും പലതരത്തിലുള്ള ചതികളിൽപ്പെട്ട് മനുഷ്യക്കടത്തിന് വിധേയരാകുന്ന അനവധി യുവതീ/യുവാക്കളടക്കം നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ളത് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. തൊഴിൽ ചൂഷണത്തിനും ലൈംഗിക ചൂഷണത്തിനും നിർബന്ധിത അവയവ മാറ്റത്തിനും നിർബന്ധിത വിവാഹത്തിനുമൊക്കെ കീഴ്പ്പെട്ടുപോകുന്ന സാഹചര്യങ്ങൾ ഇന്നുണ്ടാകുന്നുണ്ട്. രാജ്യമൊട്ടാകെയും സംസ്ഥാനത്തുമൊക്കെ ഇതിന്റെയെണ്ണം വർഷംതോറും വർദ്ധിക്കുകയാണ്. കേരളത്തിൽ 2017-ൽ 53 കേസുകളാണ് ഇത്തരത്തിൽ വന്നിരുന്നതെങ്കിൽ 2019-ൽ അത് 150 ആയി വർദ്ധിച്ചിരിക്കുന്നു. ഓരോ വർഷവും ഇത്തരത്തിൽ കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എയർപോർട്ടുകളിലും മറ്റും കൂട്ടമായി സ്ത്രീകളെ കാണുമ്പോൾ ഉദ്യോഗസ്ഥർക്ക് സംശയം തോന്നി അവരെ ചോദ്യം ചെയ്യുമ്പോഴാണ് പലപ്പോഴും ഇത് തിരിച്ചറിയുന്നതും കുറ്റക്കാരെ കണ്ടെത്താൻ കഴിയുന്നതും. വിസിറ്റിംഗ് വിസയുടെ മറവിൽ അനവധി ആളുകളെ വിദേശത്തേയ്ക്ക് കടത്താനുള്ള നീക്കമാണ് പലപ്പോഴും

ഇത്തരത്തിലുള്ള റാക്കറ്റുകൾ നടത്തുന്നത്. കൂട്ടമായിട്ടല്ലാതെ ഒറ്റയ്ക്കൊറ്റയ്ക്കോ രണ്ടുപേരെ വീതമോ വിസിറ്റിംഗ് വിസയിൽ കൊണ്ടുപോകുന്ന സാഹചര്യങ്ങളുണ്ട്. ഇത് വലിയ രീതിയിൽ വർദ്ധിച്ചുവരുന്നു എന്നുള്ളതാണ്. ഇവർ അവിടെ എത്തിക്കഴിയുമ്പോൾ അവർക്ക് വാഗ്ദാനം ചെയ്തിരുന്ന ശമ്പളം പലപ്പോഴുമുണ്ടാകുന്നില്ല. അടുത്ത ദിവസങ്ങളിൽ എന്റെ മണ്ഡലത്തിലെ രണ്ട് സ്ത്രീകൾ ഇതുമായി ബന്ധപ്പെട്ട ചൂഷണത്തിന് വിധേയരായി ഗൾഫ് രാജ്യങ്ങളിലകപ്പെട്ട സന്ദർഭമുണ്ടായിട്ടുണ്ട്. അവർ അവിടെ ചെല്ലുമ്പോൾ വാഗ്ദാനം ചെയ്ത ശമ്പളം അവർക്ക് നൽകുന്നില്ല. അവർ ജോലി ചെയ്യാൻ വിസമ്മതിക്കുമ്പോൾ അവരെ പ്രത്യേക സ്ഥലങ്ങളിലേയ്ക്ക് മാറ്റുകയും അവിടെവച്ച് മാനസികമായ വലിയ പീഡനത്തിന് വിധേയരാവുകയുമാണ്. അവർക്ക് ഭക്ഷണം കൊടുക്കുകയില്ല. പലതരത്തിലുള്ള സമ്മർദ്ദത്തിലാഴ്ത്താനുള്ള ശ്രമങ്ങളുണ്ടാകുന്നു. അതുവഴി ഏതെങ്കിലും രീതിയിൽ അവിടെനിന്നും രക്ഷപ്പെട്ടാൽ മതിയെന്ന മാനസിക സ്ഥിതിയിലേയ്ക്ക് ഇത്തരത്തിലുള്ള സ്ത്രീകൾ ചെന്നെത്തുന്നു. ഇത് വളരെ ഗൗരവവും ഗുരുതരവുമായ വിഷയമായി ഇന്ന് ഉടലെടുത്തിരിക്കുകയാണ്. ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ള

വിഷയമാണ്. ഇക്കാര്യത്തിൽ കൂടുതൽ പ്രാധാന്യത്തോടെ ഗവൺമെന്റ് ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ആക്ട് വന്നപ്പോൾ അതിൽ ധാരാളം ന്യൂനതകളുണ്ടെന്നുള്ളതാണ് മറ്റൊരു വിഷയം. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായിട്ടുണ്ട്. വിദേശത്ത് ജോലി ചെയ്യാൻ താല്പര്യപ്പെട്ട് വരുന്നവർക്ക് ഓറിയന്റേഷൻ പ്രോഗ്രാം നടത്താൻ കഴിയുമോ എന്നുള്ളത് സർക്കാർ പരിശോധിക്കേണ്ട കാര്യമാണ്. അതോടൊപ്പം തിരിച്ചുവരാൻ താല്പര്യപ്പെടുന്ന പ്രവാസി തൊഴിലാളികളുടെ പുനരധിവാസത്തിന് കൂടുതൽ ഊന്നൽ നൽകേണ്ടതായിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, ചതിയിലോ മനുഷ്യക്കടത്തിലോ അകപ്പെട്ട് മറ്റ് രാജ്യങ്ങളിൽ അകപ്പെട്ടവരെ തിരിച്ചുകൊണ്ടുവന്നാൽ അവരെ പുനരധിവസിപ്പിക്കാനുള്ള നടപടികളുണ്ടാകേണ്ടതുണ്ട്. അതോടൊപ്പം വിദേശ റിക്രൂട്ട്മെന്റ് വിശ്വാസ്യതയുള്ള ഏജൻസികൾക്കുമാത്രമായി പരിമിതപ്പെടുത്താനും അതിന്റെ രജിസ്ട്രേഷനെ സംബന്ധിച്ച് കൂടുതൽ ആധികാരികത കൊണ്ടുവരേണ്ടതായിട്ടുമുണ്ട്. അക്കാര്യത്തിൽ നോർക്ക റൂട്ട്സിന്റെ കൂടുതൽ ഇടപെടലുണ്ടാകേണ്ടതായിട്ടുണ്ട്. എയർപോർട്ടുകൾ

വഴിമാത്രമല്ല തീരദേശം വഴിയുള്ള മനുഷ്യക്കടത്തും ഇന്നുണ്ടാകുന്നുണ്ട്. വലിയ കോളിളക്കം സൃഷ്ടിച്ച ഒരു സംഭവമാണ് 2019-ലുണ്ടായ മുനമ്പം മനുഷ്യക്കടത്ത്. തീരദേശത്തുള്ള ജാഗ്രതാ സമിതികളെ കൂടുതൽ കാര്യപ്രാപ്തിയിലെത്തിക്കേണ്ടതായിട്ടുണ്ട്. ഏതായാലും ഈ വിഷയത്തെ കൂടുതൽ ഗൗരവമായി കണ്ടുകൊണ്ടുള്ള ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സർക്കാർ അതീവഗൗരവമായി കാണുന്നൊരു വിഷയമാണ് ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. മനുഷ്യക്കടത്ത് തടയുന്നതിന് കേന്ദ്രസർക്കാരുമായി സഹകരിച്ച് കർശനമായ നിരീക്ഷണ സംവിധാനം നമ്മുടെ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് ഐ.ജി. നോഡൽ ഓഫീസറായി ഇതിനായി സ്റ്റേറ്റ് സെൽ പ്രവർത്തിച്ചുവരുന്നു. നോഡൽ ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ പോലീസ് ജില്ലകളിലും ആന്റി ഹ്യൂമൺ ട്രാഫിക്കിംഗ് യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്. തീരദേശം, വിമാനത്താവളങ്ങൾ എന്നിവ മുഖേനയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ച

രഹസ്യവിവരങ്ങൾക്കനുസൃതമായി സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. സോഷ്യൽ മീഡിയ വഴിയുള്ള റിക്രൂട്ട്മെന്റ് തട്ടിപ്പുകൾ തടയുന്നതിന് പോലീസിന്റെ സൈബർ വിഭാഗത്തിന്റെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു. വിദേശത്ത് വീട്ടുജോലിക്കായി പോകുന്നതിന് പത്താംതരം വിദ്യാഭ്യാസയോഗ്യതയുള്ളവർക്ക് നിലവിൽ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമില്ല. എന്നാൽ ഈ യോഗ്യതയില്ലാത്തവർക്ക് ഗാർഹിക തൊഴിൽ ചെയ്യുന്നതിന് ക്ലിയറൻസ് ആവശ്യമാണ്. ഇവരെ വിസിറ്റിംഗ് വിസയിൽ വിദേശത്തേയ്ക്ക് കൊണ്ടുപോകുകയും അവിടെ നിന്നും മറ്റു രാജ്യങ്ങളിലെത്തിക്കുന്നതുമാണ് അനധികൃത റിക്രൂട്ട്മെന്റ് ഏജൻസികളുടെ രീതി. അതിനാൽ സ്പോൺസറെക്കുറിച്ചും മറ്റുമുള്ള വിവരം ലഭ്യമാകാത്ത സ്ഥിതിയുണ്ട്. എല്ലാതരം വിദേശ റിക്രൂട്ട്മെന്റുകളും ഇ-മൈഗ്രേറ്റ് സിസ്റ്റത്തിലേയ്ക്ക് മാറ്റാൻ കേന്ദ്രസർക്കാർ തീരുമാനിച്ചാൽ മാത്രമേ ഇത്തരം ചൂഷണങ്ങൾ ഫലപ്രദമായി തടയാൻ കഴിയുകയുള്ളൂ. വിദേശത്തുള്ളവരുടെ വിവര ശേഖരണത്തിനും ഈ സംവിധാനം സഹായകരമാണ്. വ്യാജ റിക്രൂട്ട്മെന്റ്, മനുഷ്യക്കടത്ത് എന്നിവയിലൂടെ വിദേശത്ത് കുടുങ്ങിപ്പോകുന്നവരെ ഇന്ത്യൻ എംബസി, പ്രവാസി സംഘടനകൾ

എന്നിവയുടെ സഹായത്തോടെ നാട്ടിൽ തിരിച്ചെത്തിക്കുന്നതിന് നോർക്ക വകുപ്പ് സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത റിക്രൂട്ട്മെന്റ്, വിസാ തട്ടിപ്പ് എന്നിവയ്ക്കെതിരെ വിപുലമായ ബോധവല്ക്കരണ പരിപാടികൾ നോർക്ക വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഇത്തരം പരാതികളിൽ കർശന നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി 'ഓപ്പറേഷൻ ശുഭ യാത്ര' എന്ന ദൗത്യം ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സാമൂഹിക മാധ്യമങ്ങൾ വഴിയുള്ള മനുഷ്യക്കടത്ത് നിയന്ത്രിക്കാനും അത്തരത്തിലുള്ള പ്രചരണങ്ങൾക്കെതിരെ പോലീസ് സൈബർ വിംഗ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അങ്ങിവിടെ സൂചിപ്പിച്ചു. പക്ഷെ ഇപ്പോഴും സോഷ്യൽ മീഡിയയിൽ ഇതുമായി ബന്ധപ്പെട്ട് ധാരാളം പരസ്യങ്ങൾ പ്രചരിക്കുന്നുണ്ട്. ഒരു ഫോൺ നമ്പർ മാത്രമായിരിക്കും പ്രചരണത്തിനുപയോഗിക്കുന്നത്. നമ്പറിലേയ്ക്ക് വിളിക്കുകയാണെങ്കിൽ ഒരു നിശ്ചിത തുകയടയ്ക്കാൻ ആവശ്യപ്പെടും. ഈ തുക രണ്ടോ മൂന്നോ ഗഡുക്കളായി അടച്ചുകഴിഞ്ഞാൽപിന്നെ നമ്പറും, വ്യക്തിയും, അക്കൗണ്ടും

നിലവിലുണ്ടായിരിക്കില്ല. ഞാൻ ഈ വിഷയം സംസാരിക്കുന്ന സമയത്തും സൈബർ വിംഗ് കാര്യക്ഷമമമാണെന്ന് അങ്ങ് പറയുമ്പോഴും ഇത്തരത്തിലുള്ള തട്ടിപ്പുകൾ ഇപ്പോഴും തുടരുന്നു എന്നതാണ് സത്യം. ഇത്തരം വിഷയങ്ങളിൽ സർക്കാർ ശ്രദ്ധാപൂർവ്വം ഇടപെട്ട്, ലോക്കൽ പോലീസിന് തന്നെ കേസെടുക്കാനുള്ള സാഹചര്യവുമുണ്ടാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തട്ടിപ്പിന്റെ പ്രത്യേകതയതാണ്. തട്ടിപ്പിനെതിരെ ജാഗ്രതപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ തന്നെ അനവധിപേർ തട്ടിപ്പിനിരയാകുകയാണ്. ജാഗ്രതപ്പെടുത്തൽ അവസാനിപ്പിക്കാൻ കഴിയില്ല. കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് സർക്കാർ നീങ്ങുകതന്നെ ചെയ്യും.